**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 963** **29-08-2022 - ൽ മറുപടിയ്ക്ക്**

**2022-ലെ വന (സംരക്ഷണ) ചട്ടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള 2022-ലെ വന (സംരക്ഷണ) ചട്ടങ്ങൾ നടപ്പിൽ വരുന്നതോടുകൂടി സംസ്ഥാനത്ത് വനാവകാശ നിയമപ്രകാരം വനാശ്രിത സമൂഹങ്ങൾക്ക് ലഭിച്ചു വന്നിരുന്ന അവകാശങ്ങൾ നഷ്ടപ്പെടുവാൻ സാധ്യതയുണ്ടെന്ന വിഷയം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | വനഭൂമി വനേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് പൂർവ്വാനുമതി ലഭിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികളും സമയക്രമങ്ങളും വിശദീകരിക്കുന്നതാണ് 2022 ലെ വന സംരക്ഷണ ചട്ടങ്ങൾ. ആയതിനാൽ തന്നെ 2022 ലെ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 28/06/2022 ൽ വിജ്ഞാപനം ചെയ്ത വന സംരക്ഷണചട്ടങ്ങൾ നടപ്പിൽ വരുന്നതോടുകൂടി സംസ്ഥാനത്ത് വനാവകാശ നിയമപ്രകാരം വനാശ്രിത സമൂഹങ്ങൾക്ക് ലഭിച്ചു വരുന്ന അവകാശങ്ങൾ നഷ്ടപ്പെടുവാൻ സാധ്യതയുണ്ടെന്ന ആശങ്ക ശരിയല്ല. |
| (ബി) | വനഭൂമി വനേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുമ്പോൾ വനാശ്രിത സമൂഹങ്ങൾ ഉൾക്കൊള്ളുന്ന ഗ്രാമസഭകളുടെ പിന്തുണ തേടണമെന്നുള്ള വ്യവസ്ഥ ദുർബലപ്പെടുത്തുന്നതിനായി കൊണ്ടു വന്നിട്ടുള്ള ഈ ചട്ടങ്ങൾ ബഹുരാഷ്ട്ര കുത്തകകൾക്ക് വനഭൂമി യഥേഷ്ടം ഉപയോഗിക്കുന്നതിനുള്ള സാഹചര്യം സംജാതമാക്കുമെന്ന വിഷയം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | വനഭൂമി വനേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിന് പൂർവ്വാനുമതി ലഭിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികളും സമയക്രമങ്ങളും വിശദീകരിക്കുന്നതാണ് 2022 ലെ വന സംരക്ഷണ ചട്ടങ്ങൾ. വനഭൂമി വനേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള പൂർവ്വാനുമതി ലഭിക്കുന്നതിന് ജില്ലാകളക്ടർമാർ എഫ്. ആർ. എ സർട്ടിഫിക്കറ്റ് നൽകണമെന്ന വ്യവസ്ഥയിൽ യാതൊരു ഇളവും 2022 ലെ വന സംരക്ഷണ ചട്ടങ്ങളിൽ വരുത്തിയിട്ടില്ല. ആയതിനാൽ വനാശ്രിത സമൂഹങ്ങൾ ഉൾക്കൊള്ളുന്ന ഗ്രാമസഭകളുടെ പിന്തുണ തേടണമെന്ന വ്യവസ്ഥ ദുർബലപ്പെടുമെന്ന സംശയവും ഈ ചട്ടങ്ങൾ ബഹുരാഷ്ട്രകുത്തകകൾക്ക് വനഭൂമി യഥേഷ്ടം ഉപയോഗിക്കുന്നതിനുള്ള സാഹചര്യം സംജാതമാക്കുമെന്ന സംശയവും അസ്ഥാനത്താണ്. |
| (സി) | വന സംരക്ഷണ ചട്ടങ്ങൾ എന്ന പേരിൽ കേന്ദ്ര | (സി) | വനഭൂമി വനേതര ആവശ്യങ്ങൾക്ക് |

| | | | |
|---|---|---|---|
| | സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള ഈ ചട്ടങ്ങൾ യഥാർത്ഥത്തിൽ വനനശീകരണത്തിന് വഴി തെളിക്കും എന്നതിനാൽ ഈ വിഷയം സംബന്ധിച്ച് സംസ്ഥാന സർക്കാർ നടത്തുന്ന ഇടപെടലുകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | | ഉപയോഗിക്കുന്നതിന് പൂർവ്വാനുമതി ലഭിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികളും സമയക്രമങ്ങളും വിശദീകരിക്കുന്നതാണ് 2022 ലെ വന സംരക്ഷണ ചട്ടങ്ങൾ. കേന്ദ്ര സർക്കാരിന്റെ പൂർവ്വാനുമതി ലഭ്യാമാക്കുന്നതിനുള്ള അപേക്ഷകൾ , സംസ്ഥാന സർക്കാർ മുഖേനയാണ് സമർപ്പിക്കേണ്ടത്. ഈ വേളയിൽ അനുമതി നൽകണമോ വേണ്ടയോ എന്നുള്ള കാര്യത്തിൽ സംസ്ഥാന സർക്കാരിന് ഉചിത തീരുമാനം കൈക്കൊള്ളാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ